

# നൊവിഷ്യേറ്റ്

*“ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേയ്ക്ക് കൊണ്ടുവരും. അവളോട് ഞാൻ ഹൃദ്യമായി സംസാരിക്കും” (ഹോസിയ. 2:4)*

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴവും സൗന്ദര്യവും അടുത്തറിയുവാൻ അർത്ഥിനികൾക്ക് അവസരം ലഭിക്കുന്നത് നൊവീഷ്യേറ്റിലാണ്. സന്യാസപരിശീലനത്തിന്റെ സർവ്വപ്രധാനമായ ഈ കാലഘട്ടത്തിൽ ആത്മീയ ജീവിത പാതയെ അർപ്പണഭാവത്തിൽ പുൽകുവാൻ അവർ പ്രാപ്തരാകുന്നു. സന്യാസജീവിതത്തിന്റെ രഹസ്യങ്ങൾ ദൈവാത്മാവ് അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. അരൂപിയാൽ നയിക്കപ്പെടുന്ന മരുഭൂമി അനുഭവവും ഏകാന്തതയും തപസ്സും പ്രാർത്ഥനയും അർത്ഥിനികളെ ക്രസിതുവിന്റെ യഥാർത്ഥ ശുശ്രൂഷകരാക്കാൻ ഒരുക്കുന്നു. ലൗകിക ബന്ധങ്ങളിൽ നിന്ന് സ്വതന്ത്രരായി ദിവ്യമണവാളനായ ഈശോയുമായുള്ള ഗാഢവും ഹൃദ്യവുമായ ബന്ധം സദാ അവിടുത്തെ സ്നേഹിക്കുവാനും അവിടുത്തെ ഹിതം നിറവേറ്റുവാനും അവരെ സഹായിക്കുന്നു. ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങളിലേയ്ക്ക് അവരുടെ ആത്മാവ് ഒരുങ്ങുകയും സ്നേഹത്തിൽ അധിഷ്ഠിതമായ സ്വയം ദാനവും ദൈവസാന്നിധ്യസ്മരണയും ആശാനിഗ്രഹവും എളിമയും അഭ്യസിക്കുവാൻ അർത്ഥിനികൾ ശീലിക്കുകയും ചെയ്യുന്നു. ഗുരുവുന്റെ വിളിക്കു മുമ്പിൽ സർവ്വവും ഉപേക്ഷിച്ച് നാഥനായ് സ്വയം അർപ്പിക്കുവാനും അവിടുത്തെ മണവാട്ടിയായി തീരുവാനും നൊവീഷ്യേറ്റ് കാലഘട്ടം അർത്ഥിനികളെ ഒരുക്കുന്നു.